നൽകിവരുന്നു. ഇതുകൂടാതെ വൈറ്റിലയിൽ വായു ഗുണനിലവാരം തുടർച്ചയായി അളന്ന് അപ്പപ്പോൾ പ്രദർശിപ്പിക്കാൻ ഒരു കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് ഡിസ്പ്ലേ സ്റ്റേഷൻ സ്ഥാപിക്കാൻ കൊച്ചി റിഫൈനറിയുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷൻ ഏരിയകളിൽ തുടർച്ചയായി അന്തരീക്ഷ വായു ഗുണ നിലവാരം അളക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. താരതമ്യേന മലിനീകരണ സാധ്യത കൂടുതലുള്ള സ്ഥാപനങ്ങൾക്ക് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിവരുന്നു. പെരിയാറിന്റെ ഏലൂർഭാഗത്തെ മലിനീകരണം നിരീക്ഷിക്കാനായി പെരിയാറിന്റെ ഇരു കരകളിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 സർവൈലൻസ് ക്യാമറകൾ ബോർഡ് സ്ഥാപിച്ചിരിക്കുന്നു.

(സി) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതിനു പുറമേ പൊതുജനങ്ങളുടെ അവബോധത്തിനായി നടത്തുന്ന സെമിനാറുകളിലും ലോക പരിസ്ഥിതി ദിനം തുടങ്ങിയ അവസരങ്ങളിലും ലഘുലേഖകൾ വഴി മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ വിവരം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് നടപടികൾ

17 (*647) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) നിയമപരിഷ്കരണ നടപടികളുടെ ഭാഗമായി ശ്രീ. കെ. എം. മാണി (മുൻ റവന്യൂവും നിയമവകുപ്പും മന്ത്രി എന്ന നിലയിൽ) അദ്ധ്യക്ഷനായും ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷനായും വ്യത്യസ്ത നിയമപരിഷ്കരണ കമ്മീഷനുകളെ വിവിധ കാലയളവിൽ സർക്കാർ നിയമിച്ചിരുന്നു. ഇതിൽ ശ്രീ. കെ. എം. മാണി അദ്ധ്യക്ഷനായുള്ള നിയമപരിഷ്കരണ കമ്മീഷൻ കാലഹരണപ്പെട്ടതായി കണ്ടെത്തിയ 697 ആക്ടുകൾ 2005-ലെ The Kerala Repealing and Saving Ordinance (2005-ലെ 18) പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്.

(ബി) ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ കാലഹരണപ്പെട്ടതായി കണ്ടെത്തിയ 107 ആക്ടുകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ റദ്ദാക്കേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ട 5 ആക്ടുകൾ ഒഴികെയുള്ള 102 ആക്ടുകൾ റദ്ദാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) The Kerala Repealing and Saving Bill-ന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

18 (*648) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചിട്ടുള്ളത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പാക്കിയിട്ടുണ്ട് ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യോദയം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly